# പത്രകുറിപ്പ്

ലോകസഭാ ഇലക്ഷൻ 2024 വോട്ടെണ്ണലോടനുബന്ധിച്ച് ക്രമസമാധാനം ഉറപ്പിക്കുന്നതിൻെറ ഭാഗമായി 27.05.2024 തീയ്യതി ബഹു.ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് കണ്ണൂർ റേഞ്ച് അവർകളുടെ അദ്ധ്യക്ഷതയിൽ കോഴിക്കോട് റൂറൽ ജില്ലാപോലീസ് മേധാവിയുടെ ഓഫീസിൽ രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചുചേർക്കുകയും പ്രസ്തുത യോഗത്തിൽ താഴെപറയുന്ന കാര്യങ്ങൾ ഐക്യ കണ്ഠേന അംഗീകരിക്കുകയുമുണ്ടായിട്ടുണ്ട്.

1. ഇലക്ഷൻ റിസൽട്ടുമായി ബന്ധപ്പെട്ട് രാഷ്ട്രീയ പാർട്ടികളുടെ ആഹ്ലാദ പ്രകടനങ്ങൾ 04.06.2024 തീയ്യതി വൈകുന്നേരം 07.00 മണിക്ക്മുമ്പായി അവസാനിപ്പിക്കേണ്ടതാണ്.
2. ഇലക്ഷനുമായി ബന്ധപ്പെട്ട് സ്ഥാപിച്ച ഫ്ലക്സ് ബോർഡുകൾ 30.05.2024 തീയ്യതിക്ക് മുമ്പായി അതാത് രാഷ്ട്രീയ പാർട്ടികൾ നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം പോലീസ് നീക്കം ചെയ്യുന്നതാണ്.
3. വാഹന പ്രകടനങ്ങൾ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ കേന്ദ്രീകരിക്കേണ്ടതും മറ്റു പഞ്ചായത്ത് പരിധിയിലേക്ക് കടക്കാൻ പാടില്ലാത്തതുമാണ്.
4. ആഹ്ലാദ പ്രകടനങ്ങളുടെ റൂട്ട് കൃത്യമായി പോലീസിനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.
5. പ്രകടനങ്ങളിൽ പ്രകോപനപരമായ മുദ്രാവാക്യങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തതും എതിർ പാർട്ടി ഓഫീസുകളുടെ മുമ്പിലോ എതിർ പാർട്ടി നേതാക്കളുടെ വീടിന് മുമ്പിലോ പ്രകോപനപരമായ പ്രകടനങ്ങൾ നടത്താൻ പാടില്ലാത്തതുമാണ്.
6. ആഹ്ലാദ പ്രകടനങ്ങളിൽ പടക്കങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.
7. രാഷ്ട്രീയ പാർട്ടികൾ ആഹ്ലാദപ്രകടനത്തിനായ് പഞ്ചായത്ത് തലത്തിൽ ഉത്തരവാദിത്തമുള്ള വളണ്ടിയർസിനെ നിയമിക്കേണ്ടതും അവർ പ്രകടനങ്ങളെ കൃത്യമായി നിയന്ത്രിക്കേണ്ടതുമാണ്.
8. എല്ലാ ആഹ്ലാദപ്രകടനത്തോടൊപ്പവും രാഷ്ട്രീയ പാർട്ടിയിലെ ഉത്തരവാദിത്തപ്പെട്ട ഒരു നേതാവെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.
9. ആഹ്ലാദ പ്രകടനത്തിൽ സ്ഥാനാർത്ഥി പങ്കെടുക്കുന്നുണ്ടെങ്കിൽ ആയതിൻെറ വിവരം രാഷ്ട്രീയ പാർട്ടികൾ കൗണ്ടിംഗ് ദിവസം 12 മണിക്ക് മുമ്പായി അതാത് പോലീസ് സ്റ്റേഷനുകളിലും ഡിസ്ട്രിക്ട് സ്പെഷ്യൽ ബ്രാഞ്ചിലും അറിയിക്കേണ്ടതാണ്.
10. ലോകസഭാ മണ്ഡലത്തിൽ വിജയിക്കുന്ന മുന്നണിയുടെ ആഹ്ലാദ പ്രകടനം 04.06.2024 തീയ്യതിയിലും കേന്ദ്രത്തിൽ അധികാരത്തിൽ വരുന്ന മുന്നണിയുടെ ആഹ്ലാദപ്രകടനം അടുത്ത ദിവസങ്ങളിലുമായി നടത്തേണ്ടതാണ്.
11. DJ സെറ്റ് ഉപയോഗിച്ചുള്ള ആഹ്ലാദപ്രകടനങ്ങൾ നടത്താൻ പാടില്ല.

**പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ മാരുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിൽ രാഷ്ട്രീയ പാർട്ടി നേതാക്കളെ ഉൾക്കൊള്ളിച്ച് മീറ്റിംഗുകൾ നടത്തി തീരുമാനങ്ങൾ വിശദീകരിക്കുന്നതാണ്.**